# ഡിപ്ലോമ ഇൻ എഡ്യുക്കേഷൻ (D.Ed)

**എലിമെന്ററി അധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതി 2013**

## അധ്യാപക സഹായി

## സെമസ്റ്റർ - II

## $S_2.P_7$ മാതൃഭാഷാബോധനം

**കേരളസർക്കാർ**
**വിദ്യാഭ്യാസവകുപ്പ്**

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2013

# സെമസ്റ്റർ- 2

## മാതൃഭാഷാബോധനം

| പേപ്പറിന്റെ നമ്പർ | പേപ്പറിന്റെ പേര് |
|---|---|
| $S_2.P_7$ | മാതൃഭാഷാബോധനം |

ആകെ സ്കോർ : CE - 20 (നിരന്തര വിലയിരുത്തൽ മാത്രം)
ആകെ സെമസ്റ്റർ സമയം : 85 മണിക്കൂർ
ഒരു ആഴ്ചയിലെ സമയം : 6 മണിക്കൂർ

## ഉള്ളടക്കം

യൂണിറ്റ് 1 : മാതൃഭാഷാബോധനം
സമയം : 10 മണിക്കൂർ

യൂണിറ്റ് 2 : അടിസ്ഥാന നൈപുണികൾ
സമയം : 20 മണിക്കൂർ

യൂണിറ്റ് 3 : ഭാഷാബോധനം – ഭാഷാസമാർജനവും പഠനവും
സമയം : 25 മണിക്കൂർ

യൂണിറ്റ് 4 : ഭാഷാബോധനം – ഭാഷാബോധനവും ആസൂത്രണവും
സമയം : 30 മണിക്കൂർ

# യൂണിറ്റ് - 1

## മാതൃഭാഷാബോധനം

20 മണിക്കൂർ

### ഉള്ളടക്കം

- സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ പശ്ചാത്തലം- സാക്ഷരതാനയങ്ങൾ.
- സമീപനങ്ങൾ, ബോധനമാധ്യമത്തെക്കുറിച്ചുള്ള വീക്ഷണങ്ങൾ.
- മാതൃഭാഷാബോധനത്തിന്റെ പ്രസക്തിയും പ്രാധാന്യവും.
- ഭാഷാപഠനവും ഭാഷയെക്കുറിച്ചുള്ള പഠനവും.

# യൂണിറ്റ് - 1
# മാതൃഭാഷാബോധനം

## സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ പശ്ചാത്തലം

### 1.0 പ്രാരംഭം

എല്ലാ മനുഷ്യസമൂഹവും ആശയ-ഭാവ വിനിമയങ്ങൾക്കായി ഉപാധികൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആംഗ്യങ്ങളുടെ സഹായത്താൽ വാചികമായി രൂപപ്പെടുത്തിയ ഈ ഉപാധി, കാലക്രമത്തിൽ ലിഖിതരൂപം പൂണ്ടു. ഓരോ സമൂഹവും തനതായ ലിപിവ്യവസ്ഥകൾ രൂപീകരിച്ചു. സൂക്ഷ്മമായ സാദൃശ്യങ്ങളും പ്രകടമായ വ്യത്യാസങ്ങളും ലിപിവ്യവസ്ഥകൾ തമ്മിലുണ്ടായിട്ടുണ്ട്. ഭാരതം, ഏക ദേശീയതയ്ക്കു കീഴിലുള്ള ബഹുസമൂഹാധിഷ്ഠിത രാജ്യമായതിനാൽ, നിരവധി പ്രാദേശികഭാഷകൾ ഉണ്ടാവുക സ്വാഭാവികമാണ്. ചെറുതും വലുതുമായ പ്രദേശങ്ങൾ തനതായ ഭാഷയും ലിപിവ്യവസ്ഥയും വികസിപ്പിച്ചിട്ടുണ്ട്. പദസമ്പത്തിന്റെയും ലിപിവ്യവസ്ഥയുടെയും കാര്യത്തിൽ സാമ്യമുണ്ടെങ്കിലും, ഭാഷയുടെ സൂക്ഷ്മഘടകങ്ങളിൽ വ്യത്യാസങ്ങൾ പുലർത്തിക്കൊണ്ടാണ് പ്രാദേശിക ഭാഷകൾ അവയുടെ സ്വത്വം നിലനിർത്തിപ്പോന്നത്.

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനർവിഭജിച്ചതോടെ, ഭാരതത്തിൽ ഭാഷകളുടെ അടിസ്ഥാനത്തിൽ ഭരണരാഷ്ട്രീയ വ്യവസ്ഥകൾ രൂപപ്പെടുകയായിരുന്നു. ഇത് ഭാഷകളുടെ അസ്തിത്വത്തെ ഭരണത്തിന്റെ മൂർത്തതയുമായി സംഗമിപ്പിക്കുകയായിരുന്നു.

ഇങ്ങനെ ബഹുഭാഷാസമൂഹമായ ഭാരതത്തിൽ, ആഭ്യന്തരവിനിമയത്തിനായി പൊതുവായ സമ്പർക്കഭാഷ രൂപപ്പെടേണ്ടത് ഒരാവശ്യമായിത്തീരുക സ്വാഭാവികമാണ്. ഈ സമ്പർക്കഭാഷ ഏതാകണമെന്ന ചർച്ചകൾ സ്വാതന്ത്ര്യലബ്ധിയോടെ സജീവമായി. ദേശീയസ്വാതന്ത്ര്യ സമരകാലത്ത് വിദേശഭരണത്തിനെതിരെ ജനങ്ങളെ ഒന്നിപ്പിക്കാൻ, ദേശീയഭാഷകളിൽ ഏറ്റവും കൂടുതൽ ജനങ്ങൾ സംസാരിച്ചുകൊണ്ടിരുന്ന ഭാഷ എന്ന നിലയിൽ ഹിന്ദിയെയാണ് നാം പ്രയോജനപ്പെടുത്തിയത്. ദേശീയ ഐക്യത്തിന്റെ പ്രതീകമായി ഹിന്ദി പരിഗണിക്കപ്പെട്ടുപോന്നിരുന്നു. സ്വതന്ത്ര ഇന്ത്യയിൽ ഹിന്ദി ഔദ്യോഗിക സമ്പർക്ക ഭാഷയാക്കണമെന്ന വാദം സ്വാഭാവികമായും ഉയർന്നു വന്നു. എന്നാൽ, ദ്രാവിഡസംസ്കാരത്തിന്റെ ശേഷിപ്പുകളെ ആവേശത്തോടെ സംരക്ഷിച്ചു പോരുന്ന ഒരു അഹിന്ദിമേഖല ദക്ഷിണേന്ത്യയിൽ അതിന്റെ സാന്നിധ്യം വിളിച്ചറിയിച്ചുകൊണ്ടിരുന്നു. അതിനാൽ ഹിന്ദി ഔദ്യോഗിക ഭാഷയായി അടിച്ചേൽപ്പിച്ചു കൂടാ എന്ന വാദം ശക്തിപ്രാപിച്ചു. ഇങ്ങനെ വാദിച്ചവർ ഔദ്യോഗിക ഭാഷയായി ഇംഗ്ലീഷിനെ സ്വീകരിക്കാൻ ശഠിച്ചു. താൽക്കാലിക ഒത്തുതീർപ്പായി ഹിന്ദിയും ഇംഗ്ലീഷും രാഷ്ട്രത്തിന്റെ ഔദ്യോഗികഭാഷകളായി ഭരണഘടന വ്യവസ്ഥ ചെയ്തു. ഇത് തുടരുകയാണ്.

സ്കൂൾ വിദ്യാഭ്യാസത്തിൽ ത്രിഭാഷാ പദ്ധതിയാണ് പൊതുവെ സ്വീകരിക്കപ്പെട്ടത്. മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നിവ യഥാക്രമം ഒന്നും രണ്ടും മൂന്നും ഭാഷകളായി വിദ്യാഭ്യാസത്തിൽ സ്ഥാനം പിടിച്ചു. പ്രാദേശിക സംസ്കാരത്തിന്റെ സംഭരണിയായി മാതൃഭാഷയും, അന്തർദേശീയമായ സമ്പർക്കത്തിനായി ഇംഗ്ലീഷും ഇന്ത്യയിലെ മുഖ്യഭാഷയെന്ന നിലയിൽ ഹിന്ദിയും സ്വീകരിക്കുന്നതിൽ യുക്തി കണ്ടെത്താം. മാതൃഭാഷയും ഇംഗ്ലീഷും മാത്രം സ്വീകരിച്ച പ്രദേശങ്ങളുമുണ്ട്.

*ത്രിഭാഷാ പദ്ധതി*

*ബഹുഭാഷകളുടെ സംഗമഭൂമിയായ ഭാരതത്തെ സാംസ്കാരിക ഏകതായി നിലനിർത്തുന്നതിനു ബഹുഭാഷകൾ സംസാരിക്കുന്നവർക്കിടയിൽ ഒരു സമന്വയസാധ്യത ആലോചിക്കുന്നിടത്താണ് ഭാരതീയമായ ഒരു ഭാഷാനയം ആവിർഭവിക്കുന്നത്. ത്രിഭാഷപദ്ധതി എന്ന നയമാണ് ഇതിനായി കേന്ദ്രസർക്കാർ മുന്നോട്ടുവച്ചത്. ദക്ഷിണേന്ത്യക്കാർ മാതൃഭാഷയും രാഷ്ട്രഭാഷയായ ഹിന്ദിയും അന്തർദേശീയഭാഷയായ ഇംഗ്ലീഷും പഠിക്കണം. ഹിന്ദി മാതൃഭാഷയായിട്ടുള്ളവർ മാതൃഭാഷയോടൊപ്പം ഏതെങ്കിലും ഒരു ദക്ഷിണേന്ത്യൻ ഭാഷയും ഇംഗ്ലീഷും പഠിക്കണം. ഭാഷാപരമായ ഒരു സന്തുലിതാവസ്ഥ ഉണ്ടാക്കുന്നതാണീ പദ്ധതി. പക്ഷെ എല്ലാ സംസ്ഥാനങ്ങളും ഈ നയം വേണ്ടവിധം പിൻതുടരുന്നുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്. അതുകൊണ്ടുതന്നെ ഈ ലക്ഷ്യം വിദൂരമായിത്തന്നെ നിൽക്കുന്നു.*

ഓരോ ഭാഷയും വികസിപ്പിച്ചെടുത്ത ലിപിവ്യവസ്ഥയുടെ പ്രയോഗവും ഇവിടെ പ്രസക്തമാണ്. വിവിധ ലിപിരൂപങ്ങൾ തമ്മിലുള്ള സാമ്യ-വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടാണ് ഭാഷകളുടെ വൈവിധ്യത്തെ നാം ഉൾക്കൊള്ളേണ്ടിവരിക.

ഓരോ പ്രദേശത്തെയും ലിപി വ്യവസ്ഥയറിഞ്ഞ് പ്രയോഗിക്കാനുള്ള കഴിവുള്ളവരെ നാം പൊതുവെ 'സാക്ഷരർ' എന്ന് വിളിക്കാറുണ്ട്. കേവലമായ അക്ഷരം തിരിച്ചറിഞ്ഞെഴുതൽ എന്ന മട്ടിൽ ഇതിനെ നിർവചിച്ചു കൂടാ. ഭാഷാ പ്രയോഗവൈഭവത്തിന്റെ ഒരു പടവായി കാണണം. അക്ഷരജ്ഞാനം വിദ്യാഭ്യാസത്തിനുള്ള സന്നദ്ധത മാത്രമാണെന്നാണ് ഗാന്ധിജി അഭിപ്രായപ്പെട്ടത്.

**സാക്ഷരതയും വിദ്യാഭ്യാസവും സാക്ഷരതാനയങ്ങളും**

സാക്ഷരതയും വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം എല്ലാകാലത്തും ഒരു പോലെയല്ല. വ്യക്തികളെ സാക്ഷരരാക്കുകയും സാക്ഷരമായ ഒരു സമൂഹം കെട്ടിപ്പടുക്കുകയും ചെയ്യുക എന്നത് വിദ്യാഭ്യാസത്തിന്റെ ഒരു അടിസ്ഥാന ലക്ഷ്യമാണ്. അതേസമയം, സാക്ഷരതയ്ക്ക് വിദ്യാഭ്യാസ വ്യവസ്ഥ സാക്ഷരതയ്ക്ക് നൽകുന്ന താരതമ്യപ്രാധാന്യം പല കാലങ്ങളിലും പല സമൂഹങ്ങളിലും വ്യത്യസ്തമാണ്.

- സമൂഹത്തിന്റെ സിംഹഭാഗവും നിരക്ഷരരായിരുന്ന കാലഘട്ടത്തിൽ, (സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ ആദ്യദശകങ്ങളിൽ) സാക്ഷരത എന്നത് വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നത്. ഏഴോ എട്ടോ വർഷത്തെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം എഴുതാനും വായിക്കാനും അറിയാവുന്നവരെ സമൂഹത്തിനു പ്രദാനം ചെയ്യാൻ കഴിയുന്നു എന്നത് വിദ്യാഭ്യാസ വ്യവസ്ഥയുടെ വിജയമായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത്. അതിനാൽ തന്നെ വിദ്യാഭ്യാസത്തിന്റെ ഗണപരമായ (quantative) വികസനത്തിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പരമപ്രാധാന്യം നല്കി. ഔപചാരിക വിദ്യാഭ്യാസ വ്യവസ്ഥയുടെ പുറത്തു നിൽക്കുന്ന ജനസമൂഹത്തിന്റെ സാക്ഷരതയെക്കുറിച്ചോ വിദ്യാഭ്യാസത്തെക്കുറിച്ചോ കാര്യമായ ശ്രമങ്ങൾ ഉണ്ടായിട്ടില്ല.
- സാക്ഷരതയിൽ ഊന്നിയുള്ള ഈ വിദ്യാഭ്യാസ സങ്കല്പത്തെ ഗാന്ധിജി വളരെ നേരത്തേ തന്നെ വിമർശിച്ചിരുന്നു.
- പിൽക്കാലത്ത്, വിദ്യാലയങ്ങൾക്കു പുറത്തു നിൽക്കുന്ന നിരക്ഷരരായ വ്യക്തികളെ സാക്ഷരരാക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുകയും ഔപചാരിക വിദ്യാഭ്യാസ വ്യവസ്ഥയിൽ നിന്ന് അനൗപചാരിക വ്യവസ്ഥകളിലേക്ക് സാക്ഷരതാ ലക്ഷ്യങ്ങളുടെ മാർഗം വഴി തിരിയുകയും ചെയ്തു. കേരളത്തിൽ ഉണ്ടായ സാക്ഷരതാ യജ്ഞം പോലെയുള്ള പദ്ധതികൾ ഈ നയത്തെ തുടർന്ന് ആവിഷ്കരിക്കപ്പെട്ടതാണ്.

- സാർവത്രിക സാക്ഷരത എന്ന നയം നടപ്പിലായതിനെ തുടർന്ന് സാക്ഷരതയെ സംബന്ധിച്ചിടത്തോളം ഔപചാരിക വിദ്യാഭ്യാസ വ്യവസ്ഥ വീണ്ടും പ്രധാനമായിത്തീർന്നു. ഇതിൻ പ്രകാരം ഓരോ സംസ്ഥാനത്തെയും സ്കൂൾ പ്രായത്തിലെ ജനസംഖ്യയെ മുഴുവൻ സ്കൂളിൽ എത്തിക്കാനും അതു വഴി സാക്ഷരതയും വിദ്യാഭ്യാസവുമായി ഏകോപനം സാധ്യമാക്കാനും വിദ്യാഭ്യാസ വ്യവസ്ഥകൾ യത്നിക്കുകയാണ്.

**ഗാന്ധിജിയുടെ വീക്ഷണം**

വിദ്യാഭ്യാസത്തിന്റെ അർഥമെന്താണ്? അക്ഷരജ്ഞാനമെന്നേ അതിനർഥമുള്ളു. അതുവെറുമൊരു ഉപകരണമാണ്; ഒരു ഉപകരണം നല്ലതിന് ഉപയോഗിക്കാം. ദുരുപയോഗപ്പെടുത്തകയും ചെയ്യാം. ഒരു രോഗിക്കു രോഗനിവാരണം നൽകാനുപയോഗിക്കുന്ന അതേ ആയുധംതന്നെ അയാളുടെ ജീവൻ എടുക്കാനും ഉപയോഗിക്കാം. അതുപോലെതന്നെയാണ് അക്ഷരജ്ഞാനവും. പലരും അതു ദുരപയോഗപ്പെടുത്തുന്നതും ചിലർ മാത്രം അതുനല്ലവണ്ണം ഉപയോഗപ്പെടുത്തുന്നതും നാം നിത്യേന കാണുന്നുണ്ട്. ഇതൊരു നേരായ പ്രസ്താവനയാണെങ്കിൽ, അതുകൊണ്ടു ഗുണത്തെക്കാളേറെ ദോഷമാണ് ഉണ്ടായിട്ടുള്ളതെന്നു നാം സ്ഥാപിച്ചുകഴിഞ്ഞു.

വിദ്യാഭ്യാസത്തിന്റെ സാധാരണ അർഥം അക്ഷരജ്ഞാനമെന്നാണ്. കുട്ടികളെ വായിക്കാനും എഴുതാനും കണക്കുചെയ്യാനും പഠിപ്പിക്കുന്നതു പ്രാഥമിക വിദ്യാഭ്യാസം എന്ന പേരിൽ വിളിക്കപ്പെടുന്നു. ഒരു കർഷകൻ സത്യസന്ധതയോടെ പ്രവർത്തിച്ച് ആഹാരത്തിനുള്ളതു സമ്പാദിക്കുന്നു. അയാൾക്കു ലോകത്തെക്കുറിച്ചുള്ള സാമാന്യജ്ഞാനമുണ്ട്. സ്വന്തം അച്ഛനമ്മമാരോടും ഭാര്യയോടും കുട്ടികളോടും കൂട്ടുകാരായ ഗ്രാമീണരോടും എങ്ങനെ പെരുമാറണമെന്ന് അയാൾക്കു സാമാന്യം നന്നായറിയാം. അയാൾ സദാചാരനിയമങ്ങൾ മനസ്സിലാക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ, അയാൾക്കു സ്വന്തം പേരെഴുതാൻ അറിയില്ല. അയാളുടെ സന്തുഷ്ടി ഒട്ടെങ്കിലും വളർത്താൻ നിങ്ങൾക്കു കഴിയുമോ? അയാൾക്കു സ്വന്തം ചെറ്റക്കുടിലിലും എളിയ സ്ഥിതിയിലും അസംതൃപ്തിയുണ്ടാക്കാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? അതാണ് നിങ്ങൾക്കു വേണ്ടതെങ്കിൽത്തന്നെ, അയാൾക്ക് ഇത്തരമൊരു വിദ്യാഭ്യാസം ആവശ്യമുണ്ടാവില്ല. പാശ്ചാത്യചിന്താപ്രവാഹത്തിൽപ്പെട്ട് കാര്യകാരണങ്ങൾ തൂക്കിനോക്കാതെയാണ്, നമ്മൾ ഇത്തരം വിദ്യാഭ്യാസരീതി ജനങ്ങൾക്കു കൊടുക്കണമെന്നു തീരുമാനിച്ചത്.

എല്ലാ സന്ദർഭങ്ങളിലും ഞാൻ അക്ഷരജ്ഞജ്ഞാനത്തെ തരംതാഴ്ത്തിപ്പറഞ്ഞിട്ടില്ല. അക്ഷരത്തെ ബിംബപോലെ ആരാധിക്കരുതെന്നേ ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നുള്ളൂ. അക്ഷരം ഒരു കാമധേനു അല്ല. സ്വന്തം നിലയ്ക്ക് അതിനൊരു ഉപയോഗമുണ്ട്. ഇന്ദ്രിയങ്ങളെ കീഴടക്കുമ്പോൾ, നമ്മുടെ ധർമസംഹിതയെ ഉറപ്പുള്ള തറയിന്മേൽ സ്ഥാപിക്കുമ്പോൾ, അതിന് അതിന്റേതായ സ്ഥാനമുണ്ട്. പിന്നീട്, ആ വിദ്യാഭ്യാസം സ്വീകരിക്കാൻ ആഗ്രഹമുണ്ടെങ്കിൽ, നമുക്കതു നല്ല രീതിയിൽ ഉപയോഗിക്കാം. ഒരു അലങ്കാര വസ്തുവെന്ന നിലയിൽ നമ്മിലതു നിലനില്ക്കാവുന്നതാണ്. ഈ വിദ്യാഭ്യാസം നിർബന്ധിതമാക്കേണ്ട ആവശ്യമില്ലെന്ന് അതുകൊണ്ട് സിദ്ധിക്കുന്നു. നമ്മുടെ പ്രാചീനവിദ്യാലയ സമ്പ്രദായം മതി. സ്വഭാവരൂപീകരണത്തിനാണ് അതിലൊന്നാം സ്ഥാനം; അതാണ് പ്രാഥമികവിദ്യാഭ്യാസം ആ അടിത്തറയിലുറപ്പിച്ച കെട്ടിടം നിലനില്ക്കും.

### 1.1. ഭാരതത്തിന്റെ ബഹുഭാഷാ പശ്ചാത്തലം

ലോകത്തുതന്നെ ഏറ്റവും ഭാഷാവൈവിധ്യമുള്ള രാജ്യങ്ങളിൽ ഒന്നാണ് ഭാരതം. ഇന്തോ-യൂറോപ്യൻ, ദ്രവീഡിയൻ, ആസ്ട്രോലിയ-എഷ്യാറ്റിക്, സിനോ-ടിബറ്റൻ എന്നിങ്ങനെ നാലു ഭാഷാകുടുംബങ്ങളിലെ ഭാഷകൾ ഇന്ത്യയിൽ സംസാരിക്കുന്നുണ്ട്. ഇവ ഓരോന്നിലും വളരെ

വ്യത്യാസമുള്ള ഭാഷകളും ഭാഷാഭേദങ്ങളും ഉണ്ട്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഔദ്യോഗിക ഭാഷയല്ലാത്ത മറ്റു ഭാഷകൾ മാതൃഭാഷയായിട്ടുള്ള വലിയ സമൂഹങ്ങൾ തന്നെ യുണ്ട്. കേരളത്തിലെ ജനങ്ങളിൽ 96% മലയാളം മാതൃഭാഷയായിട്ടുള്ളവരാണ്. എന്നാൽ തമിഴും, കന്നടയും മാതൃഭാഷയായിട്ടുള്ളവർ ചില പ്രദേശങ്ങളിൽ ധാരാളമായിട്ടുണ്ട്. ചില സംസ്ഥാനങ്ങളിൽ വ്യത്യസ്ത ഭാഷാ കുടുംബത്തിൽ നിന്നുള്ള ഭാഷകകൾ സംസാരിക്കുന്നവരു ണ്ട്. ഉദാഹരണമായി, ആന്ധ്രപ്രദേശിൽ ദ്രാവിഡ ഭാഷയായ തെലുങ്ക് മാത്രമല്ല ഇന്തോയൂറോ പ്യൻ ഭാഷയായ ഉറുദു, മാതൃഭാഷയായിട്ടുള്ളവരും ധാരാളം ഉണ്ട്.

***ഭാഷാകുടുംബങ്ങളും ഭാഷകളും ഇന്ത്യയിൽ***

| *ഇന്തോ യൂറോപ്യൻ* | *ദ്രവീഡിയൻ* | *ആസ്ട്രോ ഏഷ്യാറ്റിക്* | *ടിബറ്റോ ബർമർ* |
|---|---|---|---|
| *ഹിന്ദി* | *തമിഴ്* | *മുണ്ട* | *ആഓ* |
| *മറാഠി* | *മലയാളം* | *ഖരിയൻ-ജുവാങ്* | *അൻഗാമി* |
| *ഗുജറാത്തി* | *കന്നഡ* | *കൊർക്ക* | *തൻഗ്ഹുൾ* |
| | *തെലുങ്ക്* | | |
| *രാജസ്ഥാനി* | *തുളു* | *ഖെർവാരിയൻ* | *സെമെ* |
| *സിന്ധി* | *ഗോണ്ടി* | *ഖാസിയൻ* | *കർബി* |
| *ഒറിയ* | *കുറുഖ്* | | *മൈതേയി*<br>*കുക്കിഷ്* |

ഇതു കൂടാതെ പല സംസ്ഥാനങ്ങളിലും ആദിവാസി ഭാഷകളുണ്ട്. ഇവയിൽ പലതും സമീപ പ്രദേശങ്ങളിലെ ഭാഷകളിൽ നിന്ന് വളരെ വ്യത്യാസമുള്ളവയും നീണ്ട ചരിത്രവും വാമൊഴി സാഹിത്യവും ഉള്ളവയുമാണ്. ബ്രിട്ടീഷ് അധിനിവേശ കാലം മുതൽ സാംസ്കാരികമായും ഭര ണപരമായും പ്രാധാന്യമുള്ള ഭാഷയാണ് ഇംഗ്ലീഷ്. ഇന്ത്യയിലുടനീളം ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഷയായും, പലയിടത്തും ഔദ്യോഗികഭാഷ/ഉപ ഔദ്യോഗികഭാഷയായും, ഇംഗ്ലീഷ് ഇന്നും ഉപയോഗിക്കപ്പെടുന്നു. ഇന്ത്യയിലെ ഭാഷാവൈവിധ്യത്തെ ഇനിയും സങ്കീർണമാക്കുന്ന ഒരു ഘടകം ചില ഭാഷകൾക്കുള്ള മതപരമായ പ്രാധാന്യമാണ്. മറ്റു മാതൃഭാഷകൾ സംസാരിക്കു ന്നവർ, സംസ്കൃതം, ഉറുദു, അറബിക് തുടങ്ങിയ ഭാഷകൾ മതപരമായ പ്രധാന്യം കാരണം അഭ്യസിക്കാറുണ്ട്. ഇങ്ങനെ നോക്കുമ്പോൾ, പല തലങ്ങളിലേക്ക് വ്യാപിച്ചു കിടക്കുന്ന സങ്കീർണ തയാണ് ഇന്ത്യയിലെ ഭാഷാവൈവിധ്യത്തിനുള്ളത് എന്നു കാണാം.

**ഭാഷാവൈവിധ്യം ഉയർത്തുന്ന പ്രശ്നങ്ങൾ.**

- എല്ലാവർക്കും മാതൃഭാഷയിൽ വിദ്യാഭ്യാസം ലഭിക്കാനുള്ള സാധ്യതയില്ല.
- പൊതുസമൂഹത്തിലെ ആശയവിനിമയത്തിന് മാതൃഭാഷ കൂടാതെ ഒന്നോ ഒന്നിലധികമോ ഭാഷകൾ ആർജിക്കേണ്ടി വരുന്നു.
- ഔദ്യോഗിക ഭാഷയായി ഒന്നിലധികം ഭാഷകൾ ഉപയോഗിക്കേണ്ടി വരുന്നു.
- പൊതുവിദ്യാഭ്യാസ വ്യവസ്ഥയിൽ പല ഭാഷകൾ ആദ്യഘട്ടം മുതൽ പഠിപ്പിക്കേണ്ടി വരുന്നു.

### 2.1.2 മാതൃഭാഷയും അധ്യയന മാധ്യമവും

കേരളത്തിലെ വിദ്യാലയങ്ങളിൽ പൊതുവെ, മാതൃഭാഷ ഒന്നാം ഭാഷയാണ്. പത്താംതരം വരെ അധ്യയന മാധ്യമവും മാതൃഭാഷ തന്നെ. എന്നാൽ കേരളത്തിലെ ഒരു വിഭാഗം സ്കൂളുകളിൽ ഇംഗ്ലീഷ് മാധ്യമമായി വിദ്യാഭ്യാസം നടക്കുന്നുണ്ട്. ഇന്ത്യയ്ക്കത്തും പുറത്തുമുള്ള വിദ്യാഭ്യാസ

വിദഗ്ദ്ധർ മാതൃഭാഷ അധ്യയനമാക്കുന്നതിനെ പരക്കെ സ്വീകരിക്കുന്നുണ്ട്. എന്തുകൊണ്ട്?

പഠനം ഫലപ്രദമാകുന്നത്, അത് മാതൃഭാഷയിൽ നടത്തുമ്പോഴാണെന്ന് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മാനവിക ശാസ്ത്രവിഷയങ്ങൾ ഉൾക്കൊള്ളാനുള്ള കരുത്തും ആർജവവും മാതൃഭാഷയ്ക്ക് ഉണ്ടാകേണ്ടതുണ്ട്. സാങ്കേതികപദങ്ങൾക്ക് തുല്യമായ പദങ്ങൾ കണ്ടെത്തുകയാണ് പ്രധാന വെല്ലുവിളി. ഇത്തരം പരിമിതികൾ മുൻനിർത്തി, മാതൃഭാഷയെ മാധ്യമസ്ഥാനത്തുനിന്നു മാറ്റി നിർത്തുകയല്ല, പരിമിതികളുണ്ടെങ്കിൽ അവ പരിഹരിക്കുകയാണ് വേണ്ടത്.

അധ്യയന മാധ്യമമായി ഇംഗ്ലീഷ് സ്വീകരിക്കപ്പെടുന്നതിന് ചില സാമൂഹ്യ സാഹചര്യങ്ങളുമുണ്ട്. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ, ഉയർന്ന ജോലികൾ ലഭ്യമാകാൻ ഇംഗ്ലീഷ് പരിജ്ഞാനം ആവശ്യമായിരുന്നു സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ തൊഴിലില്ലായ്മയുടെ സമ്മർദ്ദം കഠിനമായിരുന്നപ്പോൾ, വിദേശ തൊഴിലുകൾ ലഭിക്കാനുള്ള ഒരു മാർഗമായും ഇംഗ്ലീഷിനെ കണ്ടിരുന്നു. അതിനെ ഇംഗ്ലീഷിന് വിദ്യാഭ്യാസത്തിൽ ഒരു പ്രത്യേക പ്രാധാന്യം ഉണ്ടായി. മാതൃഭാഷാ മാധ്യമത്തിലുള്ള വിദ്യാലയങ്ങൾ ഇപ്പോൾ കടുത്ത വെല്ലുവിളികളികൾ നേരിടുകയാണ്.

തനിക്ക് അന്യമായ ഭാഷയിലുള്ള അധ്യയനം വിഷയങ്ങളുടെ ആശയതലവും വിവക്ഷകളും കുട്ടികൾക്ക് പൂർണമായും കൈവരുത്താൻ ശക്തമായില്ലെന്നു വരും. ഇത് കുട്ടിയുടെ സ്വതന്ത്ര പഠനത്തെ ബാധിക്കും, അവകാശങ്ങൾ ഹനിക്കും. അതുകൊണ്ടാകണം, വിദ്യാഭ്യാസ അവകാശ നിയമ Right to Education Act 2009) ത്തിൽ എലിമെന്ററിതലം വരെ, സാധിക്കുന്നിടത്തോളം മാതൃഭാഷ മാധ്യമമായ വിദ്യാഭ്യാസം നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യവും കൂടി പ്രയോജനപ്പെടുത്തി അധ്യയന മാധ്യമത്തിന്റെ കാര്യത്തിൽ വ്യക്തമായ നിയന്ത്രണം വരുത്താൻ നാം മുൻകൈ എടുക്കണം. ഉയർന്ന ക്ലാസ്സുകളിൽ മലയാളം ബോധനമാധ്യമമായി സ്വീകരിക്കപ്പെടാനുള്ള ശ്രമങ്ങൾ സമൂഹത്തിന്റെ ഭാഗത്തു നിന്നുണ്ടാകണം.

**വിദ്യാഭ്യാസം - ബ്രിട്ടീഷ് ഭരണത്തിൽ**

1813 ൽ പാസ്സാക്കിയ ചാർട്ടർ ആക്ടിലെ 43-ാം വകുപ്പനുസരിച്ചാണ് ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്തം ബ്രിട്ടീഷ് ഗവൺമെന്റിനാണെന്ന് തീരുമാനിക്കപ്പെട്ടത്. ബോധനമാധ്യമത്തെക്കുറിച്ച് അവ്യക്തത നിലനിന്നിരുന്നു. 1835 ലെ മെക്കാളെ തന്റെ ' വിദ്യാഭ്യാസരേഖ' യിൽ ബോധനമാധ്യമം എല്ലാ തലങ്ങളിലും ഇംഗ്ലീഷ് ആയിരിക്കണം എന്ന് ഉറപ്പിച്ചു പറഞ്ഞു. ഭാരതീയ ഭാഷകളിൽ പാഠപുസ്തകങ്ങൾ വേണ്ടത്ര ലഭ്യമല്ലാത്തതിനാൽ ബോധനമാധ്യമം ഇംഗ്ലീഷു തന്നെയായിരിക്കണമെന്ന് വുഡ്സ് ഡെസ്പാച്ച് (1854) ശുപാർശ ചെയ്തു. പക്ഷേ മാതൃഭാഷയിലുള്ള വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കമ്മീഷൻ മനസ്സിലാക്കി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സാധിക്കണമെങ്കിൽ പാശ്ചാത്യവിജ്ഞാനവും ശാസ്ത്രവും സ്വന്തം ഭാഷയിലൂടെ പഠിക്കാൻ ഇന്ത്യക്കാർക്ക് അവസരം നല്കണമെന്ന് 'വുഡ്സ് ഡസ്പാച്ച്' അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. ഇംഗ്ലീഷ് പാഠപുസ്തകങ്ങൾ ഭാരതീയഭാഷകളിൽ പരിഭാഷപ്പെടുത്തി പ്രചരിപ്പിക്കണമെന്ന നിർദ്ദേശവും വുഡ്സ് ഡസ്പാച്ച് നല്കുന്നുണ്ട്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസത്തിന്റെ ഫലമായി ജനങ്ങൾ ഉദ്ബുദ്ധരാകുമെന്നും ക്രമേണ അവർ വിദേശ മേധാവിത്വത്തിനെതിരെ മനസ്സിലാക്കിയ ബ്രിട്ടീഷ് അധികൃതർ നാട്ടുഭാഷകളെ ബോധപൂർവ്വം വിദ്യാഭ്യാസത്തിന്റെ പ്രധാനപാതയിൽ നിന്ന് അകറ്റി നിർത്തിക്കൊണ്ടിരുന്നു. തത്ഫലമായി 1882 ലെ ഹണ്ടർ കമ്മീഷൻ ബോധനമാധ്യമം ഇംഗ്ലീഷ് ആയിരിക്കണമെന്ന് പ്രഖ്യാപിച്ചു.

ഗാന്ധിജിയുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച വാർദ്ധാപദ്ധതി (1937) യാണ് മാതൃഭാഷയിലൂടെയാകണം വിദ്യാഭ്യാസം എന്ന് തറപ്പിച്ചു പറഞ്ഞത്. ജനങ്ങൾക്ക് അവരുടെ ഭാഷയിൽ അറിവു

നല്കണമെന്ന മനശ്ശാസ്ത്രപരവും വിദ്യാഭ്യാസപരവുമായ മൗലികതത്വങ്ങൾ ഈ പദ്ധതി ഉയർത്തിക്കാണിച്ചു. ഇതേ കാഴ്ചപ്പാടിലാണ് സാർജന്റ് കമ്മീഷൻ (1944) ബോധനമാധ്യമം മാതൃഭാഷയാകണമെന്ന് നിർദ്ദേശിച്ചതും.

**ത്രിഭാഷാപദ്ധതി – ഗാന്ധിയൻ വീക്ഷണം**

- *"സംസ്കാരസമ്പന്നനായ ഓരോ ഭാരതീയനും അവന്റെ സംസ്ഥാനഭാഷ അറിഞ്ഞിരിക്കണം. ഹിന്ദി എല്ലാവരും പഠിക്കണം. അന്താരാഷ്ട്രഭാഷ എന്ന നിലയിൽ ഇംഗ്ളീഷിനെ പരിഗണിക്കണം."*
- *"നാട്ടിലെ ഓരോ വീടും ഓരോ വിദ്യാലയമാണ്, മാതാപിതാക്കൾ അധ്യാപകരും"*
- *"തങ്ങളുടേതല്ലാത്ത ഒരു ഭാഷയിൽ ബോധനം സ്വീകരിക്കുന്ന ഒരു രാജ്യത്തിലെ കുട്ടികൾ ആത്മഹത്യയാണ് ചെയ്യുന്നത് എന്ന് എനിക്കുറപ്പുണ്ട്. അത് അവരുടെ ജന്മാവകാശത്തെ അപഹരിക്കലാണ്."*
- *"അന്താരാഷ്ട്രീയവാണിജ്യത്തിന്റെയും രാഷ്ട്രതന്ത്രത്തിന്റെയും ഭാഷയാണ് ഇംഗ്ലീഷ്. അതിൽ അമൂല്യമായ അനേകം സാഹിത്യനിധികളുണ്ട്. പശ്ചാത്യചിന്തയെയും സംസ്കാരത്തെയും നമുക്കു പരിചയപ്പെടുത്താൻ അതുപകരിക്കും. നമ്മിൽ ചിലർക്ക്, അതുകൊണ്ട്, ഇംഗ്ലീഷ്ഭാഷാജ്ഞാനം ആവശ്യമാണ്. ദേശീയവാണിജ്യവും അന്താരാഷ്ട്രീയനയതന്ത്രവും അവർക്ക് അതുകൊണ്ട് കൊണ്ടു നടത്താം. പശ്ചാത്യസാഹിത്യത്തിന്റെയും ചിന്തയുടെയും ശാസ്ത്രത്തിന്റെയും ഉത്തമാംശങ്ങൾ നമുക്കു പ്രദാനം ചെയ്യാനും അതുപകരിക്കും. അതാണ് ഇംഗ്ലീഷിന്റെ ന്യായമായ ഉപയോഗം. എന്നാൽ ഇന്ന് ഇംഗ്ലീഷ് നമ്മുടെ ഹൃദയത്തിലെ ഏറ്റവും പ്രിയപ്പെട്ട ഭാഗം കൈയേറുകയും, നമ്മുടെ മാതൃഭാഷകളെ സ്ഥാനഭ്രഷ്ടങ്ങളാക്കുകയും ചെയ്തിരിക്കുന്നു. ഇംഗ്ലീഷുകാരുമായി നമുക്കുള്ള അസമമായ ബന്ധം കൊണ്ടു വന്നുചേർന്ന ഒരു അസ്വാഭാവികസ്ഥാനമാണിത്. ഇംഗ്ലീഷ് പരിജ്ഞാനം കൂടാതെതന്നെ ഭാരതീയ ഹൃദയത്തിനു പരമാവധി വികാസം സിദ്ധിക്കണം. ഇംഗ്ലീഷറിയാതെ ഉത്തമ സമൂഹത്തിലേക്കു പ്രവേശനം ലഭിക്കുകയില്ലെന്നു വിചാരിക്കാൻ നമ്മുടെ ആൺകുട്ടികളേയും പെൺകുട്ടികളേയും പ്രേരിപ്പിക്കുന്നത് ഇന്ത്യയിലെ പൗരുഷത്തോടും പ്രത്യേകിച്ച് സ്ത്രീത്വത്തോടും ചെയ്യുന്ന ഹിംസയാണ്. അസഹ്യമാംവണ്ണം അപമാനകരമായ ഒരു ചിന്തയാണത്. ഇംഗ്ലീഷിന്റെ പേരിലുള്ള ഈ ഭ്രമത്തിൽനിന്നും വിടുതി നേടുകയെന്നത് സ്വരാജിന് അന്ത്യന്താപേക്ഷിതമായ ഒരു കാര്യമാണ്."*
- *"ഇപ്പോൾ നൽകപ്പെടുന്ന രീതിയിലുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസം ഇംഗ്ലീഷ് പഠിച്ച ഇന്ത്യക്കാരനെ നിർവിര്യനാക്കിയിരിക്കുന്നു. ഇന്ത്യൻ വിദ്യാർഥികളുടെ സിരാശക്തിയുടെമേൽ അതുവളരെ കഠിനമായി ആയാസപ്പെടുത്തിയിരിക്കുന്നു. നമ്മെ അതു വെറും അനുകർത്താക്കളാക്കിയിരിക്കുന്നു. ഇംഗ്ലീഷുകാരുമായുള്ള ബന്ധത്തിന്റെ അധ്യായങ്ങളിൽ ഏറ്റവും പരിതാപകരമായ ഒന്നാണ് നാട്ടുഭാഷകളെ സ്ഥാനഭ്രഷ്ടമാക്കിയത്. ഇംഗ്ലീഷിൽ ചിന്തിക്കുകയുംതങ്ങളുടെ ചിന്തകൾ പ്രധാനമായും ഇംഗ്ലീഷിൽ പകർത്തുകയും ചെയ്യുകഎന്ന വൈഷമ്യത്തോടുകൂടിയല്ല പ്രവർത്തനങ്ങൾ ആരംഭിച്ചതെങ്കിൽ, റാംമോഹൻ റോയി കൂടുതൽ വലിയൊരു പരിഷ്കർത്താവും ലോകമാന്യതിലകൻ കൂടുതൽ വലിയൊരു പണ്ഡിതനും ആകുമായിരുന്നു."*

*"ഒരു പ്രത്യേകഭാഷ വികസനസാധ്യത ഇല്ലാത്തതാണെന്നോ സൂക്ഷ്മാർഥങ്ങളും ശാസ്ത്രീയആശയങ്ങളും ആവിഷ്കരിക്കാൻ അപര്യാപ്തമാണെന്നോ വിശ്വസിക്കുന്നതിൽക്കവിഞ്ഞ ഒരന്ധവിശ്വാസം ഒരിക്കലും ഉണ്ടായിട്ടില്ല. ഒരു ഭാഷ അതു സംസാരിക്കുന്നവരുടെ സ്വഭാവത്തിന്റെയും വളർച്ചയുടേയും പ്രതിഫലനമാണ്.*

*– ഗാന്ധിജി*

- മാതൃഭാഷയിലൂടെയുള്ള ബോധനം വികസിത രാഷ്ട്രങ്ങളുടെ വൈജ്ഞാനിക രംഗത്തെ കുതിച്ചു ചാട്ടത്തിന് വഴിതെളിച്ചിട്ടുണ്ട്. ജപ്പാൻ, ജർമ്മനി, ഫ്രാൻസ്, റഷ്യ, സ്കാൻഡിനേവിയൻ രാജ്യങ്ങൾ, ചൈന തുടങ്ങിയ രാഷ്ട്രങ്ങൾ ശാസ്ത്ര സാങ്കേതികരംഗങ്ങളിൽ അത്ഭുതകരമായ അഭിവൃദ്ധി പ്രാപിച്ചിരിക്കുന്നു. പല രംഗങ്ങളിലും അമേരിക്കയെ പിന്നിലാക്കിയിരിക്കുന്ന ഈ രാഷ്ട്രങ്ങൾ ഇംഗ്ലീഷിലൂടെയല്ല അവിടെയുള്ള ജനങ്ങൾക്ക് ശാസ്ത്രജ്ഞാനം നല്കുന്നത്. മനുഷ്യരെ പ്രയത്ന സന്നദ്ധരാക്കുകയും അതിനു നേതൃത്വം നല്കുകയുമാണ് വേണ്ടത്. ശാസ്ത്രസംബന്ധമോ സാങ്കേതികമോ ആയ ഏത് അറിവും അവനവന്റെ ഭാഷയിലൂടെ നല്കിയാൽ പ്രയോജനമുണ്ടാവും.
- ജീവിതാനുഭവങ്ങൾ ചെറുപ്പം മുതലേ കുട്ടി സ്വാംശീകരിക്കുന്നത് മാതൃഭാഷയിലൂടെയാണ് തുടർന്നുള്ള പഠനാനുഭവങ്ങൾക്ക് വഴക്കം കിട്ടുക മാതൃഭാഷയിലൂടെ പഠനം നടത്തുമ്പോഴാണ്. അതാണ് നമ്മുടെ സംസ്കാരവും ആചാരങ്ങളും വാമൊഴികളിലൂടെ വിനിമയം ചെയ്യപ്പെടുന്ന/സംഭരിച്ചു വച്ചിരിക്കുന്നത് മാതൃഭാഷയിലൂടെയാണ്/ജീവിതാനുഭവങ്ങൾക്ക് തീക്ഷ്ണതയേറുകയും ചെയ്യും.

**ബോധനമാധ്യമം – ദേശീയവീക്ഷണത്തിൽ**

കലാശാലാതലം വരെ ബോധനമാധ്യമം മാതൃഭാഷയായിരിക്കണമെന്ന തത്വം ദേശീയ തലത്തിൽ അംഗീകരിച്ചിരിക്കയാണ്  ഭാരതത്തിലെ പല സർവ്വകലാശാലകളിലും ഇതിനനുസരണമായ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ചില സർവ്വകലാശാലാ പരീക്ഷകൾക്ക് മലയാളത്തിൽ ഉത്തരമെഴുതാം എന്ന അനുകൂലകാലാവസ്ഥ കേരളത്തിൽ നിലനില്ക്കുന്നുണ്ട്.

സ്ഥാപിതതാല്പര്യങ്ങളെ ഊന്നിയുള്ള സമീപനമല്ല ദേശീയ വീക്ഷണത്തെ മുൻനിർത്തിയുള്ള സമീപനമാണ് ഇവിടെ വേണ്ടത്.

## മാതൃഭാഷാബോധനത്തിന്റെ പ്രസക്തിയും പ്രാധാന്യവും.

### വിദ്യാഭ്യാസവും ഭാഷയും

വിദ്യാഭ്യാസമെന്നുവെച്ചാൽ പ്രധാനമായും ഭാഷാ പഠനമായിരുന്നു ഒരു കാലഘട്ട – വിശേഷിച്ചും ക്ലാസിക്കൽ ഭാഷകളുടെ പഠനം. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകമായി ഭാഷയെ സാമാന്യജനങ്ങൾപോലും കരുതിപ്പോരുന്നു.

### പ്രാചീനകാലം

ബോധനമാധ്യമത്തെക്കുറിച്ചുള്ള ശാസ്ത്രീയ ചിന്തയ്ക്ക് 2500 കൊല്ലത്തെ പഴക്കമെങ്കിലും ഉണ്ട്. ബുദ്ധമത വിദ്യാഭ്യാസ ഘട്ടത്തിലാണ് ബോധനമാധ്യമം വിദ്യാഭ്യാസചിന്തകരുടെ ബോധപൂർവമായ പരിഗണനയ്ക്ക് വിഷയമായത്. ബുദ്ധമത വിദ്യാഭ്യാസ കാലത്തിന് തൊട്ടുമുമ്പുള്ള ബ്രാഹ്മണവിദ്യാഭ്യാസം ഒരു ന്യൂനപക്ഷത്തിന്റെ (ത്രൈവർണികരുടെ) കുത്തകയായിരുന്നു, ഭാഷ സംസ്കൃതവും. ഈ വിദ്യാഭ്യാസ സമ്പ്രദായത്തിന് സാധാരണ ജനങ്ങളുമായി ബന്ധമുണ്ടായിരുന്നില്ല. വിദ്യാഭ്യാസത്തിന്റെ സാർവലൗകികത എന്ന മുഖ്യ ആശയം ഇവിടെ നഷ്ടപ്പെട്ടു.

സാമൂഹ്യപരിവർത്തനത്തിനുള്ള ശക്തമായ ഉപകരണമായി വിദ്യാഭ്യാസത്തെ പരിഗണിച്ച ബുദ്ധനും അനുയായികളും വിദ്യാഭ്യാസത്തെ സമൂഹവത്കരിക്കാൻ ശ്രമിച്ചു. വിദ്യാഭ്യാസത്തിന്റെ ഉയർന്നതലത്തിലേക്ക് സാധാരണക്കാരെ നയിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കണമെങ്കിൽ വിദ്യാഭ്യാസ മാധ്യമം മാതൃഭാഷ-പ്രാദേശിക ഭാഷ – ആയിരിക്കണമെന്ന കാര്യത്തിൽ അവർക്ക് തർക്കമില്ലായിരുന്നു. അങ്ങനെ ബുദ്ധമതകാലത്ത് വിദ്യാഭ്യാസമാധ്യമം അതത് പ്രദേശത്തെ ജനങ്ങളുടെ ഭാഷയായി മാറി.

വിദ്യാഭ്യാസം സാർവത്രികവും ഫലപ്രദവുമാകണമെങ്കിൽ ബോധനമാധ്യമം മാതൃഭാഷയാകണമെന്ന ആശയം പാശ്ചാത്യരും മനസ്സിലാക്കി. 14-ാം ശതകത്തോടെ ഇതിന്റെ അടിസ്ഥാനത്തിൽ വ്യാപകമായ മാറ്റങ്ങൾ അവിടെ കണ്ടു തുടങ്ങി. ഗ്രീക്ക്, ലാറ്റിൻ തുടങ്ങിയ ക്ലാസിക് ഭാഷകൾക്ക് പകരം ഇംഗ്ളീഷ് ഫ്രഞ്ച് തുടങ്ങിയ പ്രാദേശിക ഭാഷകൾ ബോധനമാധ്യമമായി സ്വീകരിക്കപ്പെട്ടു. മതപ്രചരണത്തിനായി ഇന്ത്യയിൽ വന്ന മിഷണറിമാർ അവരുടെ മതദർശനങ്ങൾ പ്രചരിപ്പിക്കാൻ പ്രാദേശികഭാഷ ഉപയോഗിച്ചു. അവർ സ്ഥാപിച്ച സ്കൂളുകളിൽ ബോധനമാധ്യമം പ്രാദേശികഭാഷയായി. പ്രാദേശിക ഭാഷകളുടെ വ്യാകരണങ്ങളും നിഘണ്ടുക്കളും അവർ തയാറാക്കി. മതഗ്രന്ഥങ്ങൾ പ്രാദേശികഭാഷകളിൽ രചിക്കപ്പെട്ടു. മാതൃഭാഷാമാധ്യമത്തിൽ കൂടിയുള്ള പഠനത്തിന്റെ ഫലപ്രാപ്തിയെ കുറിക്ക് അവർക്ക് സംശയമേ ഉണ്ടായിരുന്നില്ല.

**'ബോധനമാധ്യമം' എന്ന വിഷയത്തിൽ സ്വാതന്ത്ര്യാനന്തരം നടന്ന സംവാദങ്ങൾ' ഒറ്റനോട്ടത്തിൽ**

1. **വിദ്യാഭ്യാസകമ്മീഷൻ (1948)**

ദേശീയ ജീവിത സാഹചര്യത്തിൽ നിന്ന് ഇംഗ്ലീഷ് അകന്നു കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ കാലഘട്ടത്തിലെപോലെ ഇംഗ്ലീഷിന് ഇനി തദ്ദേശീയഭാഷകളുടെ സ്ഥാനം കയ്യടക്കാൻ കഴിയില്ല.

2. **കുസ്രു കമ്മറ്റി (1955)**

എ) ബോധന മാധ്യമം മാറ്റുക എന്നത് എടുത്തുചാടി ചെയ്യേണ്ടുന്ന ഒന്നല്ല.

ബി) ഇംഗ്ലീഷിനെ സർവ്വകലാശാല കലാശാലകളിൽ ഒരു രണ്ടാം ഭാഷയായി പഠിപ്പിക്കണം.

3. **ദേശീയോദ്ഗ്രഥന സമിതി (1962)**

സർവ്വകലാശാലാ തലത്തിൽ പ്രാദേശിക ഭാഷയിൽ അധ്യയനം നടത്തേണ്ടതുണ്ട്.

4. **വിദ്യാഭ്യാസ കമ്മിഷൻ (1964 – 66)**

എ) പ്രാദേശിക ഭാഷകൾ ബോധന മാധ്യമമാക്കി മാറ്റുന്നതിനുള്ള ആസൂത്രിതവും ഉറച്ചതുമായ ശ്രമമുണ്ടാകണം.

ബി) പഠനമാധ്യമവും പരീക്ഷാമാധ്യമവും ഒന്നായിരിക്കണം.

സി) ഭാഷാപഠനം എന്ന നിലയിൽ മാത്രം ഇംഗ്ലീഷ് പഠിക്കുക.

ഡി) ബിരുദം നേടണമെങ്കിൽ ഒരു വിദ്യാർഥി ഇംഗ്ലീഷിൽ നൈപുണി നേടിയിരിക്കണമെന്ന നിബന്ധന വെക്കുക.

(പത്തുവർഷത്തിനിടയിൽ പ്രാദേശിക ഭാഷബോധനമാധ്യമമാകണമെന്ന നിർദ്ദേശം വിദ്യാഭ്യാസ കമ്മീഷൻ മുന്നോട്ടു വെച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ഏകീകൃതവും തൃപ്തികരവുമായ പുരോഗമനം ഉണ്ടായിട്ടില്ല)

**ദേശീയവിദ്യാഭ്യാസ കമ്മിറ്റി : (1986)**

പ്രൈമറി തലത്തിലും സെക്കന്ററി തലത്തിലും പ്രാദേശികഭാഷ പഠനമാധ്യമമായതിനാൽ അടിയന്തിരമായി സർവ്വകലാശാലാ രംഗത്തും മാതൃഭാഷ ബോധന മാധ്യമമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.

## സ്വാതന്ത്ര്യാനന്തരവിദ്യാഭ്യാസ കമ്മീഷനുകളും ബോധനമാധ്യമവും

സ്വാതന്ത്ര്യാനന്തരഭാരതത്തിൽ നിലവിൽ വന്ന സർവ്വകലാശാലാ വിദ്യാഭ്യാസക്കമ്മീഷൻ ഉന്നത വിദ്യാഭ്യാസത്തിന്റെ പൂർണഗുണം ലഭിക്കുന്നതിന് ബോധനമാധ്യമം ഇംഗ്ലീഷിൽ നിന്ന് ഇന്ത്യൻ ഭാഷകളിലേക്ക് മാറ്റണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ബോധനമാധ്യമം മാതൃഭാഷയാകണമെന്നു തന്നെയാണ് സെക്കന്ററിവിദ്യാഭ്യാസക്കമ്മീഷന്റെയും (1952–53) നിർദ്ദേശം. വിദ്യാഭ്യാസത്തിന്റെ എല്ലാതലങ്ങളിലും ബോധനമാധ്യമം മാതൃഭാഷയാകണമെന്ന് കോത്താരികമ്മീഷൻ (1964–66) നിർദ്ദേശിക്കുന്നു. 1976 – ലെ ഈശ്വർ ഭായി പട്ടേൽ കമ്മറ്റിയും കോത്താരികമ്മീഷൻ ശുപാർശ കൾ അംഗീകരിക്കുകയും നടപ്പിലാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. 1979 ലെ ദേശീയ വിദ്യാ ഭ്യാസനയം ശുപാർശ ചെയ്യുന്നത് ത്രിഭാഷാപദ്ധതിനടപ്പിലാക്കണമെന്നാണ്. 1652 ഭാഷാ പ്രദേ ശങ്ങൾ നിലനില്ക്കുന്ന ഒരു രാഷ്ട്രത്തിൽ ഭാഷ സങ്കീർണമായ ഒരു പ്രശ്നം തന്നെയാണ്, ബോധനമാധ്യമത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ചും.

## വിദ്യാഭ്യാസ അവകാശ നിയമവും (ആർ.ടി.ഇ. ആക്ടും) ബോധന മാധ്യമവും

ഇന്ത്യൻ വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ ഗുണഫലങ്ങൾ ഉളവാക്കാൻ പോന്ന ഒരു നിയമമാണ് വിദ്യാഭ്യാസ അവകാശനിയമം. കുട്ടികളുടെ സർവതോമുഖമായ വളർച്ചയ്ക്ക് ഊന്നൽകൊടുക്കുന്നതും ശാരീരികവും മാനസികവുമായ കഴിവുകളുടെ പൂർണവികാസത്തിന് പ്രാധാന്യം നൽകുന്നതുമായിരിക്കണം, പാഠ്യപദ്ധതി എന്ന് ആർ.ടി.ഇ. ആക്ട് വ്യവസ്ഥ ചെയ്യു ന്നു. പഠനബോധന പ്രക്രിയ ശിശുസൗഹൃദപരവും ശിശുകേന്ദ്രീകൃതവും ആയിരിക്കണമെന്നും കുട്ടികളെ ഉത്ക്കണ്ഠാകുലമായ അന്തരീക്ഷത്തിൽ തളച്ചിടുന്നതാവരുതെന്നും നിയമം നിഷ്കർഷിക്കുന്നു. 6 മുതൽ 14 വരെ പ്രായത്തിലുള്ള മുഴുവൻ കുട്ടികൾക്കും അയൽപക്ക വിദ്യാലയങ്ങൾ ഉറപ്പു വരുത്തേണ്ടതുണ്ടെന്ന് നിയമം നിർദേശിക്കുന്നു.ഗൃഹാന്തരീക്ഷത്തിൽ നിന്നും സ്വാഭാവികമായി ആർജിച്ച ഭാഷതന്നെ പഠനമാധ്യമമാകുമ്പോൾ കുട്ടിക്ക് നിർഭയമായി ആശയവിനിമയം നടത്താനും അതുവഴി ആത്മവിശ്വാസത്തോടെ പഠനപ്രവർത്തനങ്ങളിൽ പങ്കാ ളിയാവാനും കഴിയുന്നു. തന്റേതല്ലാത്ത ഭാഷയിലൂടെ പഠനം നടത്തുമ്പോൾ പാഠ്യവിഷയവു മായി ബന്ധപ്പെട്ട ആശയം ഉൾക്കൊള്ളാൻ പ്രയാസം നേരിടുകയും നേടിയ ആശയങ്ങൾ പ്രസ്തുതഭാഷയിലൂടെ പ്രകടിപ്പിക്കാൻ ക്ലേശിക്കേണ്ടിവരികയും ചെയ്യുന്നു. ഇത് ആത്മവിശ്വാസം നഷ്ടപ്പെടാനും പിരിമുറുക്കം സൃഷ്ടിക്കാനും ഇടയാക്കുന്നു.

**ആർ.ടി.ഇ. ആക്ടിലെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ:**

- പാഠ്യപദ്ധതി ഭരണഘടന അനുശാസിക്കുന്ന മൂല്യങ്ങൾക്ക് അനുസൃതമായിരിക്കണം.
- കുട്ടിയുടെ സമഗ്രവികസനത്തിന് ഉതകണം.
- കുട്ടിയുടെ അറിവും വാസനയും സാധ്യതകളും വളർത്തുന്നതാവണം
- കുട്ടിയുടെ ശാരീരികവും മാനസികവുമായ കഴിവുകൾ പരമാവധി വികസിപ്പിക്കാൻ സാഹ യകമാകണം.
- പ്രവർത്തനങ്ങളിലൂടെയും അന്വേഷണങ്ങളിലൂടെയും കണ്ടെത്തലുകളിലൂടെയും ശിശു കേന്ദ്രിതമായ രീതിയിൽ അറിവു നിർമ്മിക്കുന്നതായിരിക്കണം.
- ബോധന മാധ്യമം സാധ്യമായിടത്തോളം മാതൃഭാഷയായിരിക്കണം
- കുട്ടിയെ ഭയത്തിൽ നിന്നും ഉത്കണ്ഠകളിൽ നിന്നും മാനസിക ആഘാതങ്ങളിൽ നിന്നും സ്വതന്ത്രമാക്കുന്നതാകണം.
- തുടർച്ചയായതും സമഗ്രമായതുമായ മൂല്യനിർണയത്തിലൂടെ കുട്ടിയുടെ അറിവും അത് പ്രയോഗിക്കുവാനുള്ള ശേഷിയും പോഷിപ്പിക്കുന്നതാവണം.

## മാതൃഭാഷാബോധനത്തിന്റെ പ്രസക്തിയും പ്രാധാന്യവും

### 1.3 മാതൃഭാഷയും ബോധനമാധ്യമവും - സാമൂഹിക പശ്ചാത്തലം

☐ ബോധന മാധ്യത്തെക്കുറിച്ചുള്ള വീക്ഷണങ്ങൾ/നിലവിലുള്ള അവസ്ഥ

- ബോധനമാധ്യമം എല്ലാ തലങ്ങളിലും മാതൃഭാഷ ആയിരിക്കണം
- പ്രാരംഭ തലത്തിൽ മാതൃഭാഷയും ഉന്നതവിദ്യാഭ്യാസത്തിന് ഇംഗ്ലീഷും മാധ്യമമായി ഉപയോഗിക്കാം.
- വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഇംഗ്ലീഷ് മാധ്യമമായി ഉപയോഗിക്കാം.

മാതൃഭാഷ എല്ലാ തലങ്ങളിലും ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വിദ്യാഭ്യാസ വിദഗ്ദ്ധരും രാഷ്ട്രീയ നേതാക്കളും ഒക്കെ വാദിക്കുന്നുണ്ടെങ്കിലും, പ്രീപ്രൈമറി തലം മുതൽ ഇംഗ്ലീഷ് മാധ്യമത്തിൽ വിദ്യാഭ്യാസം നേടുന്ന കുട്ടികളുടെ എണ്ണം വർധിച്ചു കൊണ്ടിരിക്കുന്നു.

☐ ഇംഗ്ലീഷ് ബോധന മാധ്യമമായി ഉപയോഗിക്കുന്നതിന്റെ പ്രശ്നങ്ങൾ

- മാതൃഭാഷയല്ലാത്ത ഒരു ഭാഷ നമ്മുടെ സമൂഹത്തിൽ നിലനിർത്തുന്നതിനും അഭ്യസിക്കുന്നതിനും സ്ഥിരമായി യത്നിക്കേണ്ടി വരുന്നു.
- വിദ്യാഭ്യാസത്തിന്റെ പ്രാരംഭഘട്ടം മുതൽ അപരിചിതമായ ഒരു വിദേശഭാഷ കുട്ടികൾക്ക് പഠിക്കേണ്ടി വരുന്നു.
- ആശയഗ്രഹണം, ആശയപ്രകടനം എന്നിവയിൽ പരിമിതമായ പ്രാവിണ്യം മാത്രം ആർജിക്കുന്നു. (മാതൃഭാഷയുമായി താരതമ്യം ചെയ്യുമ്പോൾ)
- മാതൃഭാഷയുടെ പ്രയോഗസാധ്യതയും തന്മൂലം വികസനസാധ്യതയും പരിമിതപ്പെടുന്നു.
- സ്വന്തം ഭാഷയെക്കുറിച്ചും തന്മൂലം സ്വന്തം സമൂഹത്തെയും സംസ്കാരത്തെയും കുറിച്ച് അപകർഷാബോധത്തിലേക്ക് നയിക്കുന്നു.
- ശാസ്ത്രം, ഗണിതം, സമൂഹശാസ്ത്രം തുടങ്ങിയ വിഷയത്തിൽ അധ്യാപനം നടത്തുന്നവർ തങ്ങളുടെ വിഷയത്തിനു പുറമെ ഇംഗ്ലീഷിലും ആശയപ്രകടനശേഷി നേടാനായി സമയവും യത്നവും ചിലവഴിക്കേണ്ടി വരുന്നു.
- ഭാഷയിലേക്ക് വിദേശഭാഷാ പദങ്ങൾ കൂടുതലായി കടന്നുവരുന്നു. ഭാഷയുടെ പദതലത്തിലുള്ള പ്രജനകശേഷി പരിമിതപ്പെടുകയും ചെയ്യുന്നു.

## മലയാളം ബോധനമാധ്യമമായി ഉപയോഗിക്കുന്നതിന്റെ പരിമിതികളും സാധ്യതകളും.

നിരന്തരമായ ഉപയോഗത്തിലൂടെ മാത്രമേ ഒരു ഭാഷ സാധാരണയിൽ നിന്നു വ്യത്യസ്തമായ ഉപയോഗങ്ങൾക്ക് സജ്ജമാവുകയുള്ളൂ. ശാസ്ത്രസാങ്കേതിക ആശയങ്ങൾ വിനിമയം ചെയ്യാനായി മലയാളം ഉപയോഗിച്ചു തുടങ്ങിയിട്ട് ഏറെക്കാലമായിട്ടില്ല. ഉയർന്ന തലങ്ങളിലെ ശാസ്ത്രപഠനം, ഗവേഷണം എന്നിവയുടെ ഭാഷയായി തീരെ ഉപയോഗിച്ചിട്ടില്ല. ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള ബോധനമാധ്യമമായി മലയാളം ഉപയോഗിക്കുമ്പോൾ ഈയൊരു പരിമിതി നിലനില്ക്കുന്നുണ്ട്. ശാസ്ത്രഭാഷയ്ക്ക് അനുയോജ്യമായ വാക്യഘടനകളും പദനിർമാണപ്രക്രിയകളും പദാവലിയും മലയാളത്തിൽ വേണ്ടത്ര വികസിച്ചിട്ടില്ല.

ശാസ്ത്രസാങ്കേതിക പദാവലി രൂപീകരിക്കാനായി സംസ്കൃതത്തിലെ ധാതുക്കളും പദ

ങ്ങളുമാണ് മലയാളം ഏറെയും ഉപയോഗിക്കുന്നത്. അതുപോലെ സംസ്കൃതത്തിലെ മുൻപ്രത്യയങ്ങൾ ( prefixes) ശാസ്ത്രഭാഷയിലും അക്കാദമിക ഭാഷയിലും ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ഇക്കാരണത്താൽ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഭാഷയിലെ പദാവലിയും ശാസ്ത്രഭാഷയിലെ പദാവലിയും തമ്മിൽ വലിയ അന്തരമുണ്ട്. പല പദങ്ങളും ഘടനകളും പൂർണമായ അർഥബോധം നൽകുന്നില്ല. മാത്രവുമല്ല ഇത്തരം നിരവധി വിദേശീയ ഘടകങ്ങൾ'വിദേശീയ ഘടകങ്ങൾ' കാരണം വിദ്യാർഥിക്ക് ബോധന ഭാഷ ഒരു കൃത്രിമഭാഷയായി അനുഭവപ്പെടുന്നു.

ദ്രാവിഡഭാഷയുടെ രൂപിമഘടനയും പദനിർമാണപ്രക്രിയയുമായി ഇംഗ്ലീഷ് / സംസ്കൃത പദങ്ങൾ പൂർണമായി ഇണങ്ങിച്ചേരുന്നില്ല. അതിനാൽ കടം കൊണ്ട പദങ്ങൾക്ക് സാർവത്രികമായ പ്രയോഗക്ഷമത ഇല്ല.

**സാധ്യതകൾ**

മാധ്യമങ്ങൾ പുസ്തകങ്ങൾ എന്നിവയിലൂടെ ശാസ്ത്രസാങ്കേതിക പദങ്ങൾ പലതും നിത്യജീവിത ഭാഷയിലേക്ക് കടന്നുവന്നുകൊണ്ടിരിക്കുന്നു. ഇത്തരത്തിൽ, ശാസ്ത്രസാങ്കേതികഭാഷയും നിത്യജീവിത ഭാഷയുമായുള്ള അന്തരം കുറഞ്ഞുകൊണ്ടിരിക്കുന്നു.

പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന സംസ്കൃതജന്യമായ Pan- Indian terminology യ്ക്കു പകരം കൂടുതൽ അർഥബോധം നൽകുന്ന മലയാളപദകൾ കണ്ടെത്താനും പാഠപുസ്തകങ്ങളിലും മറ്റും ഉപയോഗിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

ഉദാ. Boiling Point → ക്വഥനാങ്കം → തിളനില

Area → വിസ്തീർണം → പരപ്പളവ് (തമിഴ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തുന്നുണ്ട്. ഉദാ. Internet - ഇണയം, Police - കാവൽ)

കംപ്യൂട്ടർ, ഇന്റർനെറ്റ് എന്നിവയിൽ മലയാളം ഉപയോഗിക്കാനുള്ള പദ്ധതികളും സോഫ്റ്റ് വെയറുകളും സാധ്യതകളും വർധിച്ചുകൊണ്ടിരിക്കുന്നു.
ഉന്നതവിദ്യാഭ്യാസ രംഗത്ത് വിവിധ വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ National Translation Mission, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിലൂടെ നടന്നുകൊണ്ടിരിക്കുന്നു.

**ഭാഷാപഠനവും ഭാഷയെക്കുറിച്ചുള്ള പഠനവും**

ഭാഷ ഒരു ആശയവിനിമയ ഉപാധിയാണ്. ഏതൊരു ആശയവിനിമയ പ്രക്രിയയുടെയും പ്രാധാനഘടകങ്ങൾ ആശയപ്രകടനവും ആശയസ്വീകരണവും സന്ദേമാധ്യമവും ആണ്. ഭാഷയെ സംബന്ധിച്ചിടത്തോളം ഭാഷണവും എഴുത്തുമാണ് ആശയപ്രകടന ഉപാധികൾ. ശ്രവണവും വായനയും സ്വീകരണോപാധിയും. ഒപ്പം രചന സർഗ്ഗാത്മ പ്രകടനവും ആസ്വാദനം സർഗ്ഗാത്മക സ്വീകരണവുമാണ്. ഇവിടെ പ്രകടനവും സ്വീകരണവും നടക്കുന്നത് വിവധ വ്യവഹാര രൂപങ്ങളിലൂടെ (മാധ്യമം) യാണ്. ഭാഷയെന്നത് വ്യവഹാരരൂപങ്ങളിലൂടെ നടക്കുന്ന ആശയവിനിമയ പ്രക്രിയയാകയാൽ ഭാഷാപഠനമെന്നാൽ വ്യവഹാരരൂപങ്ങളെക്കുറിച്ച് നടക്കുന്ന പഠനവുമാണ്. എന്നാൽ ഭാഷയെക്കുറിച്ചുള്ളപഠനം ഭാഷയുടെ വിവിധ ഘടകങ്ങളെക്കുറിച്ചും ഈ ഘടകങ്ങളുടെ വ്യത്യസ്തധർമങ്ങളെക്കുറിച്ചും നടക്കുന്ന പഠനമാണ്.

**പ്രവർത്തനങ്ങൾ**

1. മാതൃഭാഷയല്ലാത്ത ഭാഷകൾ അധ്യയന മാധ്യമമായി ഉപയോഗിക്കുന്ന രാജ്യങ്ങളെകുറിച്ച് ഇന്റർനെറ്റിൽ നിന്ന് വിവരശേഖരണം നടത്തി ചർച്ചാകുറിപ്പ് തയാറാക്കുക. വിദേശഭാഷകൾ അധ്യയന മാധ്യമമായി ഉപയോഗിക്കാൻ കാരണമാകുന്ന സാമൂഹിക-രാഷ്ട്രീയ സാഹ

ചര്യങ്ങൾ ചർച്ച ചെയ്യുക.

2. സ്കൂൾ പാഠപുസ്തകങ്ങളിൽ വിവിധ വിഷയങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ശാസ്ത്ര-സാങ്കേതിക പദാവലി (ഇംഗ്ലീഷിലേയും മലയാളത്തിലേതും) താരതമ്യം ചെയ്യുക. മലയാളത്തിലെ ശാസ്ത്ര സാങ്കേതിക പദാവലിയുടെ പരിമിതികൾ എന്തെല്ലാമാണെന്ന് ചർച്ച ചെയ്യുക.

3. മലയാളം മാതൃഭാഷയല്ലാത്ത പ്രൈമറി വിദ്യാർഥികൾ (തമിഴ്, കന്നട, തുളു, ആദിവാസി ഭാഷകൾ) മലയാളം മാധ്യമത്തിൽ പഠിക്കുന്നുണ്ടെങ്കിൽ അവരുടെ പഠനനിലവാരം പരിശോധിക്കുക. മാതൃഭാഷേതര മാധ്യമത്തിലെ അധ്യയനം പഠനനിലവാരത്തെ സ്വാധീനിക്കുന്നുണ്ടോ എന്നു ചർച്ച ചെയ്യുക.

**ചോദ്യങ്ങൾ**

1. മാതൃഭാഷ അധ്യയന മാധ്യമമായിരിക്കേണ്ടതിന്റെ ആവശ്യകത വിശദീകരിക്കുക.
2. ആധുനിക ശാസ്ത്രത്തിലെ ആശയങ്ങൾ വിനിമയം ചെയ്യാൻ ശേഷിയുള്ള ഒരു ഭാഷയാണ് മലയാളം സമർഥിക്കുക.
3. ത്രിഭാഷാ പദ്ധതിയുടെ ലക്ഷ്യങ്ങളും സാധ്യതകളും വിശദീകരിക്കുക
4. ഭാരതത്തിന്റെ ബഹുഭാഷാ പശ്ചാത്തലത്തിൽ അധ്യയനമാധ്യമം ഉയർത്തുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?
5. അധ്യയനമാധ്യമത്തെക്കുറിച്ച് ഗാന്ധിജിയുടെ അഭിപ്രായം നിലവിലുള്ള അവസ്ഥയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.
6. അധ്യയനമാധ്യമത്തെക്കുറിച്ച് ആർ.ടി.ഇ. ആക്ട് മുന്നോട്ടു വയ്ക്കുന്ന വീക്ഷണം എന്താണ്?